**ഗ്രാമ ന്യായാലയം പഴയന്നൂർ**
**സാന്നിദ്ധ്യം : ശ്രീമതി. അൽഫോൻസ നീതു അലക്സ്  (BBA LL.B (Hons), LL.M)**
**ന്യായാധികാരി,**
**തിയ്യതി : 2026 മാർച്ച് - 21 ന്  (1947 ഫാൽഗുനം - 30)**

---

**MC 2/2025**

| | | |
|---|---|---|
| ഹർജിക്കാർ | 1: | തലപ്പിള്ളി താലൂക്ക് വരവൂർ വില്ലേജ് (പി.ഒ വരവൂർ) പിൻ 680585 കാഞ്ഞമഠത്തിൽ വീട്ടിൽ ഗോപാലകൃഷ്ണൻ മകൾ 37 വയസ് സുജാത |
| | 2: | ഒന്നാം ഹർജിക്കാരി മകൾ മൈനർ 09 വയസ് നയനികക്ക് വേണ്ടി രക്ഷിതാവ് 'അമ്മ സുജാത' (പി.ഒ വരവൂർ) പിൻ  680585, ഫോൺ 9742714927 ( ചെറുതുരുത്തി പോലീസ് സ്റ്റേഷൻ പരിധി) |
| | | (അഡ്വ. സുരേന്ദ്രൻ എ.കെ) |
| എതിർകക്ഷി | : | രൂപേഷ്, 43 വയസ്സ് S/o പരുമല ശശിധരൻ മഠത്തിങ്ങൽ വീട് എറിയാട് കൊടുങ്ങല്ലൂർ, തൃശൂർ, പിൻ-680666 |

**(എക്സ്പാർട്ടി)**

**ഉത്തരവ്**

ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005ലെ 12–ാം വകുപ്പു പ്രകാരമാണ് ഈ ഹർജി സമർപ്പിച്ചിരിക്കുന്നത്.

2. **ഹർജിയുടെ രത്തച്ചുരുക്കം ഇതാണ് :-** ഒന്നാം ഹർജിക്കാരിയും (ഇനിമുതൽ ഹർജിക്കാരി എന്ന് പരാമർശിക്കപ്പെടുന്നു) എതൃകക്ഷിയും തമ്മിലുള്ള വിവാഹം 02.06.2012നു ഗുരുവായൂർ ശ്രീകൃഷ്ണ ക്ഷേത്രത്തിൽ വെച്ച് ഹിന്ദു മതാചാരപ്രകാരം നടന്നിട്ടുള്ളതും, ഗുരുവായൂർ മുൻസിപാലിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. വിവാഹശേഷം ഹർജിക്കാരി ആദ്യ ഒരു മാസം എതൃകക്ഷിയുടെ കൊടുങ്ങല്ലൂരിൽ ഉള്ള തറവാട്ട് വീട്ടിൽ താമസിച്ചുവന്നിരുന്നതും ആണ്. ടി വിവാഹബന്ധത്തിൽ ഇവർക്ക് ജനിച്ച മകളാണ് രണ്ടാം മൈനർ ഹർജിക്കാരി. ഹർജിക്കാരിക്ക് വിവാഹസമാനമായി ലഭിച്ച 40 പവൻ സ്വർണ്ണാഭരണങ്ങളിൽ 33 പവൻ എതൃകക്ഷി ട്രസ്റ്റിയെന്ന നിലയിൽ വിവാഹത്തിന്റെ പിറ്റേന്ന് തന്നെ വാങ്ങി സൂക്ഷിച്ചു. വിവാഹത്തിന്റെ ആദ്യനാളുകൾ മുതൽക്കെ സ്ത്രീധനത്തിന്റെയും, സൗന്ദര്യത്തിന്റെയും പേര് പറഞ്ഞ് ഹർജിക്കാരിയെ എതൃകക്ഷി മാനസികമായും, ശാരീരികമായും പീഡിപ്പിച്ചിരുന്നു. പിന്നീട് ഹർജിക്കാരി എതൃകക്ഷിയോടൊപ്പം ബാംഗ്ലൂരിൽ താമസിച്ചു വന്നിരുന്നതും, മദ്യപാനിയായ എതൃകക്ഷി നിത്യവും മദ്യപിച്ചു വന്ന് പണവും വാഹനങ്ങളും ആവശ്യപ്പെട്ട് ഹർജിക്കാരിയെ ഉപദ്രവിക്കുകയും, ഹർജിക്കാരിക്ക് ഒരു വേലക്കാരിയുടെ സ്ഥാനം മാത്രം നൽകുകയും ചെയ്തു. 2021ൽ എതൃകക്ഷിയുടെ പീഡനങ്ങൾ രൂക്ഷമാവുകയും, എതൃകക്ഷി നിത്യവും മദ്യപിച്ചു വന്ന് ഹർജിക്കാരിയെ ക്രൂരമായി പീഡിപ്പിക്കുകയും, ഉറങ്ങാൻ പോലും അനുവദിക്കാതെ ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും ഇതെല്ലാം കണ്ട് രണ്ടാം ഹർജിക്കാരി പേടിച്ച് നിലവിളിക്കുകയും ചെയ്തിരുന്നു. എതൃകക്ഷിയോടൊപ്പം  മരണഭയത്തോടെയാണ്

ഹർജിക്കാർ ജീവിച്ചിരുന്നത്. 3-4 പ്രാവശ്യം ബാംഗ്ലൂരിലും നാട്ടിലുമായി ഹർജിക്കാരിക്ക് പോലീസിനെ വിളിക്കേണ്ടി വന്നിട്ടുണ്ട്. ജീവഭയം മൂലം ഹർജിക്കാർ വീട് വിട്ടിറങ്ങിയെങ്കിലും, എതൃകക്ഷി ഇപ്പോഴും ബാംഗ്ലൂരിലെ വാടകവീട്ടിലും, ജോലി സ്ഥലത്തും, ഹർജിക്കാരിയുടെ വരവുരുള്ള കുടുംബവീട്ടിലും വന്നും, ആളുകളെ വിട്ടും, ഫോൺ മുഖാന്തരവും ഹർജിക്കാരെ ഭീഷണിപ്പെടുത്തി വരുന്നതാണ്.

3. ബാംഗ്ലൂരിലെ ജോലി ഉപേക്ഷിച്ചു നാട്ടിൽ വന്ന് പല സ്ഥാപനങ്ങളുടെയും work from home ജോലിയും, വാഹന വില്പന ബിസിനസും, റിയൽ എസ്റ്റേറ്റ് ബിസിനസും ചെയ്തുവരുന്ന എതൃകക്ഷിക്ക് പ്രതിമാസം ഒരു ലക്ഷം രൂപയ്ക്ക് മേൽ വരുമാനവും, വീട് വിറ്റതിലും മറ്റും കൂടി നല്ല ഡെപ്പോസിറ്റും ആസ്തിയും ഉള്ളതുമാണ്. നിലവിൽ ഹർജിക്കാരി ഒരു പ്രൈവറ്റ് വെറ്റിനറി ഹോസ്പിറ്റലിൽ ജോലി ചെയ്ത് വരുന്നതും 30,000 രൂപയോളം വരുമാനമുള്ളതും ആണ്. രണ്ടാം മൈനർ ഹർജിക്കാരിക്ക് ഭകഷണം, വസ്ത്രം, വിദ്യാഭ്യാസം, മരുന്ന് തുടങ്ങിയ ചെലവുകൾക്ക് ചുരുങ്ങിയത് 25,000/- രൂപ പ്രതിമാസം ആവശ്യമാണ്. മേൽ സാഹചര്യത്തിൽ, ഹർജിക്കാരെ ശല്യപ്പെടുത്തുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കുന്ന ഒരു സംരക്ഷണ ഉത്തരവും, രണ്ടാം മൈനർ ഹർജിക്കാരിക്ക് പ്രതിമാസം 25,000 രൂപ ചെലവും, ട്രസ്റ്റിയായി ഏൽപ്പിച്ച 33 പവൻ സ്വർണ്ണം തിരികെ നൽകാനുള്ള ഉത്തരവും ആവശ്യപ്പെടുന്നു.

4. മേൽ ഹർജി യഥാർത്ഥത്തിൽ എതൃകക്ഷിയുടെ അമ്മയെ രണ്ടാം എതൃകക്ഷിയായി ചേർത്ത് ആണ് ഫയൽ ചെയ്തിരുന്നതും, മേൽ ഹർജി ഫയലിൽ സ്വീകരിച്ച ശേഷം എതൃകക്ഷികൾക്ക് നോട്ടിസ് അയച്ചിരുന്നതും ആണ്. എന്നാൽ രണ്ടാം എതൃകക്ഷിക്കുള്ള നോട്ടീസ് 'not known' എന്ന് പറഞ്ഞു മടങ്ങിവന്നിട്ടുള്ളതും, പിന്നീട് ഹർജിക്കാരിയുടെ CMP:1/26 നമ്പർ അപേക്ഷയിന്മേൽ 5/2/2026ലെ ഉത്തരവ് പ്രകാരം മേൽ നമ്പർ കേസിൽ നിന്നും രണ്ടാം എതൃകക്ഷിയെ ഒഴിവാക്കിയിട്ടുള്ളതാണ്. നോട്ടീസ് യഥാസമയം കൈപറ്റിയെങ്കിലും ഈ കേസിലെ എതൃകക്ഷി കോടതി മുമ്പാകെ നേരിട്ടോ അഭിഭാഷകൻ മുഖേനയോ ഹാജരാകാതിരുന്നതിനാൽ, 12.12.2025ന് എതൃകക്ഷിയെ എക്സ്പാർട്ടി ആക്കി ഉത്തരവായിട്ടുള്ളതാണ്.

5. ഹർജിഭാഗം കേസ് തെളിയിക്കുന്നതിനായി ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. ആസ്തി-ബാധ്യത സത്യവാങ്മൂലവും സമർപ്പിച്ചു. രേഖകൾ ഒന്നും ഹാജരാക്കിയില്ല.

6. ഹർജിഭാഗം വാദം കേട്ടു. കേസിലെ രേഖകൾ പരിശോധിച്ചു.

7. കേസിന്റെ നിർണ്ണയത്തിനായി താഴെ പറയുന്ന പോയിന്റുകൾ പരിഗണനക്കായി എടുത്തു.

(i). ഹർജിക്കാർക്ക് എതൃകക്ഷിയിൽ നിന്നും ഗാർഹിക പീഡനം ഏൽക്കേണ്ടി വന്നിട്ടുണ്ടോ?

(ii). ഹർജിക്കാരിക്ക് 20-ാം വകുപ്പ് പ്രകാരം ഹർജിക്കാരിയുടെ വിവാഹസമ്മാനമായി ലഭിച്ച 33 പവൻ സ്വർണ്ണാഭരണങ്ങൾ എതൃകക്ഷിയിൽ നിന്നും ലഭിക്കാൻ അർഹതയുണ്ടോ?

(iii). രണ്ടാം മൈനർ ഹർജിക്കാരിക്കു പ്രതിമാസ ചിലവിലേക്കായി 20-ാം വകുപ്പ്

പ്രകാരം 25,000/- രൂപ ജീവനാംശം എതൃകക്ഷിയിൽ നിന്നും ലഭിക്കാൻ അർഹതയുണ്ടോ?

(iv). നിവൃത്തികളും ചെലവുകളും?

8. **<u>പോയിന്റ് നമ്പർ (i):</u>** PW1 ഈ കേസിലെ ഹർജിക്കാരിയാണ്. ഹർജിക്കാരിയും എതൃകക്ഷിയും 02.06.2012ൽ വിവാഹിതരായിട്ടുള്ളതാണെന്നും ടി വിവാഹബന്ധത്തിൽ ഇവർക്ക് രണ്ടാം മൈനർ ഹർജിക്കാരി ജനിച്ചിട്ടുള്ളതാണ് എന്നും, ഇവർ ഒരുമിച്ച് നാട്ടിലും ബാംഗ്ലൂരിലും താമസിച്ചു വന്നിരുന്നതുമാണ് എന്നും PW1ന്റെ തെളിവു സത്യവാങ്മൂലത്തിൽ പറയുന്നു. ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള ഗാർഹിക ബന്ധുത്വവും ഹർജിക്കാരിയുടെ ഭാഗം തെളിവു സത്യവാങ്മൂലവും വെല്ലുവിളിക്കപെടാതെ തുടർന്നിട്ടുള്ളതിനാൽ ഇതിൽ നിന്നും ഹർജിക്കാരിയും എതൃകക്ഷിയും മക്കളും തമ്മിൽ ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ നിയമം, 2005 ലെ 2(f) വകുപ്പ് പ്രകാരമുള്ള **"ഗാർഹിക ബന്ധുത്വം"** നിലനിൽക്കുന്നുണ്ടെന്നു കോടതിക്ക് ബോധ്യപ്പെട്ടിരിക്കുന്നു.

9. വിവാഹം കഴിഞ്ഞ് ആദ്യ നാളുകൾ മുതൽക്കെ സ്ത്രീധനത്തിന്റെയും സൗന്ദര്യത്തിന്റെയും പേര് പറഞ്ഞ് എതൃകക്ഷി ഹർജിക്കാരിയെ മാനസികമായും ശാരീരികമായും പീഡിപ്പിച്ചിരുന്നു എന്നും, മദ്യപാനിയായ എതൃകക്ഷി നിത്യവും മദ്യപിച്ചു വന്ന് പണവും വാഹനങ്ങളും ആവശ്യപ്പെട്ട് തന്നെ ഉപദ്രവിക്കുകയും, വീട്ടിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചു മൈനർ ഹർജിക്കാരിയെയും പേടിപ്പിക്കുമായിരുന്നു എന്നും, ജീവഭയം മൂലം ഹർജിക്കാർ വീട് വിട്ടിറങ്ങിയെങ്കിലും ബാംഗ്ലൂരിലെ വാടകവീട്ടിലും ജോലി സ്ഥലത്തും ഹർജിക്കാരിയുടെ വരവൂരുള്ള കുടുംബവീട്ടിലും വരെ എതൃകക്ഷി വന്നു ഹർജിക്കാരെ നിരന്തരം ശല്യപ്പെടുത്തുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു വരികയാണെന്നും, എതൃകക്ഷിയെ പേടിച്ചു താനും മകളും കഴിഞ്ഞുവരികയാണെന്നും PW1 തന്റെ തെളിവ് സത്യവാങ്മൂലത്തിൽ വിശദമായി പറയുന്നു. PW1ന്റെ തെളിവ് വെല്ലുവിളിക്കപെടാതെ തുടർന്നിട്ടുള്ളതുമാകുന്നു. ഇതിൽ നിന്നെല്ലാം എതൃകക്ഷി ഒന്നാം ഹർജിക്കാരിയെ ശാരീരികമായും, ഒന്നും രണ്ടും ഹർജിക്കാരെ വൈകാരികമായും പീഡിപ്പിച്ചിരുന്നെന്നും എതൃകക്ഷിയുടെ മേൽ വിവരിച്ച പ്രവൃത്തികൾ ഗാർഹിക ഹിംസയിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കൽ നിയമം, 2005 ലെ 3-ആം വകുപ്പ് പ്രകാരമുള്ള **"ഗാർഹിക പീഡനത്തിന്റെ നിർവചന"**ത്തിൽ ഉൾപ്പെടുന്നതാണെന്നും കോടതി കണ്ടെത്തുന്നു. പോയിന്റ് (i) ഹർജിക്കാർക്ക് അനുകൂലമായി കണ്ടിരിക്കുന്നു.

10. **<u>പോയിന്റ് നമ്പർ (ii):</u>** എതൃകക്ഷി കൈവശപ്പെടുത്തിയ ഹർജിക്കാരിയുടെ 33 പവൻ സ്വർണ്ണാഭരണങ്ങൾ എതൃകക്ഷിയോട് തിരികെ നൽകാൻ കല്പിച്ചു ഉത്തരവുണ്ടാകണം എന്നാണ് ഹർജിയിലെ ഒരു അപേക്ഷ. തനിക്ക് വിവാഹസമ്മാനമായി 40 പവൻ സ്വർണ്ണാഭരണങ്ങൾ ലഭിച്ചിരുന്നു എന്ന് PW1 അവകാശപ്പെടുന്നുണ്ടെങ്കിലും ആയതിനു യാതൊരു രേഖകളോ സാക്ഷിമൊഴികളോ തെളിവിലേക്കായി ഹാജരാക്കിയിട്ടില്ല. ടി സ്വർണാഭരണങ്ങളിൽ 33 പവൻ ട്രസ്റ്റിയെന്ന നിലയിൽ വിവാഹത്തിന്റെ പിറ്റേന്ന് തന്നെ എതൃകക്ഷി വാങ്ങി സൂക്ഷിച്ചു എന്നു PW1 ആരോപിക്കുന്നു. ടി 33 പവൻ ആഭരണങ്ങളുടെ ഇനം, എണ്ണം, തൂക്കം എന്നിവയെക്കുറിച്ച് ഹർജിയിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയതു തെളിവ് സത്യവാങ്മൂലത്തിൽ പ്രതിഫലിച്ചിട്ടില്ല. മാത്രമല്ല, 33 പവൻ സ്വർണ്ണാഭരണങ്ങൾ എതൃകക്ഷിയെ ട്രസ്റ്റിയെന്ന നിലയിൽ ഏൽപ്പിച്ചിരുന്നു എന്നതിനും യതൊരു തെളിവുകളും

ഹാജരാക്കിയിട്ടില്ല. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ, വ്യക്തമായ തെളിവുകൾ ഒന്നുമില്ലാതെ PW1ന്റെ സാക്ഷിമൊഴി മാത്രം ആശ്രയിച്ചു മേല്പറഞ്ഞ നിവൃത്തി അനുവദിക്കുന്നത് ഉചിതമായിരിക്കില്ല എന്ന് കോടതി നിരീക്ഷിക്കുന്നു. അതിനാൽ, പോയിന്റ്(ii) ഹർജിക്കാരിക്ക് പ്രതികൂലമായി കണ്ടെത്തിയിരിക്കുന്നു.

11. **<u>പോയിന്റ് നമ്പർ (iii):</u>** PW1ന്റെ തെളിവ് സത്യവാങ്മൂലം പ്രകാരം ഹർജിക്കാരി ബാംഗ്ലൂരിലെ ഒരു സ്വകാര്യ വെറ്റിനറി ആശുപത്രിയിൽ ജോലി ചെയ്യുന്ന ആളാണ്. എതൃകക്ഷിയോടൊപ്പം താമസിക്കുന്നത് ജീവന് ഭീഷണിയാണെന്ന് കണ്ട്, ഹർജിക്കാരിയും മൈനർ കുട്ടിയും വീടുവിട്ട് ബാംഗ്ലൂരിൽ വാടകവീട്ടിൽ താമസം തുടങ്ങിയിരുന്നെന്നും, ഹർജിക്കാരിക്ക് മാസം ഏകദേശം 30,000 രൂപ വരുമാനമുണ്ടെങ്കിലും രണ്ടാം മൈനർ ഹർജിക്കാരിയ്ക്കായി പ്രതിമാസം കുറഞ്ഞത് 25,000 രൂപ ആവശ്യമാണെന്നും, അത് നൽകേണ്ട ബാധ്യത എതൃകക്ഷിക്കാണെന്നും PW1 വ്യക്തമാക്കിയിട്ടുണ്ട്. എതൃകക്ഷി എക്സ്പാർട്ടി ആയതിനാൽ, ഹർജിക്കാരുടെ തെളിവുകളും രേഖകളും അടിസ്ഥാനമാക്കി മാത്രമേ കോടതിക്ക് വിധിക്കാൻ സാധിക്കുകയുള്ളു. സാമ്പത്തിക വിഭവങ്ങളും സംരക്ഷണച്ചിലവും മറ്റും നിഷേധിച്ചുകൊണ്ടുള്ള എതൃകക്ഷിയുടെ പ്രവൃത്തികൾ പ്രസ്തുത നിയമത്തിലെ 3-ാം വകുപ്പിലെ **"ഗാർഹിക ഹിംസ"** എന്ന നിർവചനത്തിന്റെ വിശദീകരണത്തിൽ പറയുന്ന **"സാമ്പത്തിക ദുരുപയോഗം"** ആണ്. എങ്കിലും, അപേക്ഷിച്ചിരിക്കുന്ന തുകകൾ അനുവദനീയമാണോ അല്ലയോ എന്ന് പരിശോധിക്കേണ്ടതു അനിവാര്യമാണ്. രണ്ടാം മൈനർ ഹർജിക്കാരിക്ക് ആഹാരം, വസ്ത്രം, മരുന്ന്, പഠനച്ചിലവ് എന്നിവയ്ക്കെല്ലാം കൂടി പ്രതിമാസം 25,000/- രൂപ ഒരു ആകെത്തുകയായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും മൈനർ ഹർജിക്കാരിയുടെ പ്രതിമാസ ചിലവുകളുടെയും മറ്റു ബാധ്യതകളുടെയും വിശദമായ വിവരങ്ങളും കണക്കുകളും പ്രത്യേകമായി ബോധിപ്പിച്ചിട്ടില്ല എന്ന് കാണുന്നു. മാത്രവുമല്ല, ടി ചിലവുകളുടെയും ബാധ്യതകളുടെയും സാധുത സ്ഥാപിക്കുന്നതിനുള്ള രേഖാമൂലമോ സാക്ഷിമൂലമോ ആയ യാതൊരു തെളിവുകളും ഹർജിക്കാരി ഹാജരാക്കിയിട്ടുമില്ല. Work from home ജോലിയും, വാഹന വില്പന ബിസിനസും, റിയൽ എസ്റ്റേറ്റ് ബിസിനസും ചെയ്തുവരുന്ന എതൃകക്ഷിക്ക് പ്രതിമാസം ഒരു ലക്ഷം രൂപയ്ക്ക് മേൽ വരുമാനവും, വീട് വിറ്റതിലും മറ്റും കൂടി നല്ല ഡെപ്പോസിറ്റും ആസ്തിയും ഉള്ളതുമാണ് എന്ന് PW1 അവകാശപ്പെടുന്നു. ആസ്തി-ബാധ്യത സത്യവാങ്മൂലത്തിൽ എതൃകക്ഷിക്ക് പ്രതിമാസം ഒരു ലക്ഷം രൂപയ്ക്ക് മേൽ വരുമാനമുണ്ടെന്നതിനപ്പുറം, ടിയാളുടെ ആസ്തിയുടെയോ വരുമാനത്തിന്റെയോ കൃത്യമായ വിവരങ്ങളോ, അത് സ്ഥിരീകരിക്കുന്ന രേഖകളോ സാക്ഷികളോ ഒന്നും തന്നെ ഹർജിക്കാരി തെളിവിലേക്കായി ഹാജരാക്കിയിട്ടില്ല.

12. മേൽ വിശകലനത്തിന്റെയും നിരീക്ഷണങ്ങളുടെയും അടിസ്ഥാനത്തിൽ, രണ്ടാം മൈനർ ഹർജിക്കാരിക്ക് വിദ്യാഭ്യാസച്ചിലവ് ഉൾപ്പെടെയുള്ള സംരക്ഷണ ചിലവിലേക്കായി മൂവായിരം രൂപ (₹3,000) ഉചിതമായ തുകയാകുമെന്ന് കോടതി നിരീക്ഷിക്കുന്നു. മേൽ പോയിന്റ് അപ്രകാരം ഉത്തരവായിരിക്കുന്നു.

13. **<u>പോയിന്റ് നമ്പർ (iv):</u>** മേൽ പോയിന്റുകളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ, താഴെ പറയുന്ന ഉത്തരവുകൾ ഇതിനാൽ പുറപ്പെടുവിക്കുന്നു.

**<u>ഫലത്തിൽ:-</u>**

മേൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് ഉത്തരവ് ആയിരിക്കുന്നു:

1. **ഹർജിക്കാരെ ഏതെങ്കിലും തരത്തിൽ ഭീഷണിപ്പെടുത്തുകയോ, ശാരീരികമായ ഗാർഹിക പീഡനങ്ങൾ ഏൽപ്പിക്കുകയോ ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ 18-ാം വകുപ്പ് പ്രകാരം നിരോധിച്ചു ഉത്തരവായിരിക്കുന്നു.**

2. **ഹർജി തീയതി മുതൽ രണ്ടാം മൈനർ ഹർജിക്കാരിക്ക് പ്രതിമാസം ₹3,000/- (മൂവായിരം) രൂപ ജീവനാംശ തുക നൽകുവാൻ എതൃകക്ഷിയോട് 20-ാം വകുപ്പ് പ്രകാരം കൽപ്പിച്ചു ഉത്തരവായിരിക്കുന്നു.**

3. **ഹർജിയിലെ മറ്റു പ്രാർത്ഥനകൾ തള്ളി ഉത്തരവാകുന്നു.**

ഈ ഉത്തരവിന്റെ സൗജന്യ പകർപ്പ് ഹർജിക്കാരിക്കും, എതൃകക്ഷിക്കും, ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ സ്റ്റേഷൻ ഹൗസ് ഓഫീസർക്കും, ബന്ധപ്പെട്ട സേവനദാതാവിനും നൽകേണ്ടതാണ്.

(ഞാൻ പറഞ്ഞ് കൊടുത്ത് കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്ത് ഞാൻ വായിച്ച് നോക്കി തിരുത്തി തുറന്ന കോടതിയിൽ 21.03.2026ന് ഇപ്രകാരം ഉത്തരവ് പറഞ്ഞിട്ടുള്ളതാണ്.)

**Sd/-**
**അൽഫോൻസ നീതു അലക്സ്**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

**<u>അനുബന്ധം</u>**

**<u>വാദിഭാഗം സാക്ഷികൾ :</u>**

1. PW1 - സുജാത

**<u>വാദിഭാഗം മുദ്രിത പ്രമാണങ്ങൾ</u>** **: ഇല്ല**
**<u>പ്രതിഭാഗം സാക്ഷികൾ</u>** **: ഇല്ല**
**<u>പ്രതിഭാഗം മുദ്രിത പ്രമാണങ്ങൾ</u>** **: ഇല്ല**

**Sd/-**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

*//ശരി പകർപ്പ്//*

**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, പഴയന്നൂർ**

ഫെയർ/കോപ്പി ഉത്തരവ് : MC 2/2025
തിയതി : 21.03.2026